


# ക്രൈസ്തവർ ക്രിസ്തുവിന്റെ സാക്ഷികൾ

(മർക്കോ. 16:1 – 20) Vol. 10, Issue: 57

ബ്ര. ഷെബിൻ കുമ്പിളുവേലിൽ MCBS

**തി**രുസഭയുടെ ആരാധനാക്രമത്തിലെ ഏറ്റവുമധികം സവിശേഷതകൾ നിറഞ്ഞ ഒരു കാലത്തിലൂടെയാണ് നാം കടന്നുപോകുന്നത്. പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ഉത്ഥിതനായ മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുന്ന പ്രേഷിതരാകുവാനാണ് ഉയിർപ്പുകാലം നമ്മെ ഓർമ്മപ്പെടുത്തുക. ഉയിർപ്പുകാലത്തിന്റെ അവസാന ഞായറാഴ്ചയിൽ നാം ധ്യാനവിഷയമാക്കുന്നത് വി. മർക്കോസ് സുവിശേഷകൻ നമ്മെ പഠിപ്പിക്കുന്ന കാര്യമാണ് – “നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ.” ക്രിസ്തുവിന്റെ അനുയായി എന്ന നിലയിൽ നമുക്കു ലഭിച്ചിരിക്കുന്ന പ്രേഷിതദൗത്യത്തെക്കുറിച്ച് ചിന്തിക്കുവാനും ധ്യാനിക്കുവാനുമാണ് തിരുസഭാ മാതാവ് ലക്ഷ്യം വയ്ക്കുന്നത്.

ഉത്ഥിതനായ ഈശോ, തന്റെ ഇഹലോക ജീവിതം അവസാനിപ്പിച്ച് പിതാവിന്റെ സന്നിധിയിലേയ്ക്ക് പോവുകയാണ്. കഴിഞ്ഞ മൂന്നു വർഷങ്ങളിലൂടെ തന്റെ പ്രബോധനം കൊണ്ടും പ്രവൃത്തി കൊണ്ടും അവൻ തന്റെ ജനങ്ങളെ വഴിനടത്തി, രക്ഷയുടെ മാർഗ്ഗം തെളിച്ചു, കാൽവരിയിൽ സ്വന്തം ജീവൻ തന്റെ ജനത്തിനായി നൽകി. ദൈവരാജ്യം എന്ന ആ സ്വപ്നം, പിതാവിൽ നിന്നും ലഭിച്ച ആ ദൗത്യം ഇനി ആരെയാണ് ഭരമേൽപിക്കുക? ഉത്ഥിതൻ തന്റെ പ്രിയശിഷ്യരെ അടുത്തുവിളിച്ച് ഭൂവാസികളെ പ്രകാശിപ്പിക്കുവാനുള്ള ദൗത്യം അവരെ ഭരമേൽപിക്കുന്നു. ആ സുവിശേഷഭാഗമാണ് നാം ഇന്ന് വിചിന്തനവിഷയമാക്കി മാറ്റുന്നത്. യോഹന്നാൻ 23-ാം പാപ്പായുടെ വാക്കുകൾ ഈ സുവിശേഷഭാഗത്തോടു ചേർത്തുവച്ച് നമുക്ക് വിചിന്തനം ചെയ്യാം. “ഈ ലോകത്തിൽ ഓരോ വിശ്വാസിയും പ്രകാശത്തിന്റെ ഒരു സ്ഫുലിംഗവും സ്നേഹത്തിന്റെ ഒരു കേന്ദ്രവും സഹജീവികളുടെ ഇടയിൽ ജീവസംദായകമായ പുളിമാവും ആയിരിക്കണം.”

ഉത്ഥിതന്റെ ആദ്യദർശനം ലഭിച്ചത് മഗ്ദലേന മറിയത്തിനാണ് എന്ന കാര്യം നാലു സുവിശേഷകന്മാരും ഒരുപോലെ അംഗീകരിക്കുന്ന കാര്യമാണ്. മഗ്ദലേന മറിയത്തെക്കുറിച്ച് വേദപുസ്തകം സാക്ഷ്യപ്പെടുത്തുന്നത്, അവളിൽ

നിന്നാണ് യേശു ഏഴു പിശാചുക്കളെ പുറത്താക്കിയത് എന്നാണ്. തീർച്ചയായും അതിന്റെ ഒരു നന്ദിയും കടപ്പാടും മറിയത്തിന് ഈശോയോടുണ്ട്. അതുകൊണ്ടാണ് ഗലീലി മുതൽ നിഴൽ പോലെ യേശുവിനെ അവൾ അനുഗമിച്ചത്. ഈശോയുടെ കുരിശിൻചുവട്ടിലും സംസ്കാരവേളയിലും മറിയം സന്നിഹിതയായിരുന്നു. പുലർക്കാലെ യേശുവിന്റെ കല്ലറയിൽ അവൾ ഓടിയെത്തിയതും ഈ കടപ്പാടിന്റെ മറുപടിയായിട്ടാണ്. ഹൃദയം നിറയെ സ്നേഹം കാത്തുസൂക്ഷിച്ചുകൊണ്ട് ഉത്ഥിതനെ ഏറ്റവുമടുത്ത് അനുഗമിക്കുക എന്ന പാഠമാണ് മറിയം തന്റെ ജീവിതത്തിലൂടെ നമ്മെ പഠിപ്പിക്കുക. താൻ അനുഭവിച്ചറിഞ്ഞ ഉത്ഥിതനെക്കുറിച്ച് ശിഷ്യന്മാരോടു പങ്കുവച്ച മഗ്ദലേന മറിയത്തെ ശിഷ്യസമൂഹം അവിശ്വസിക്കുകയാണ് ചെയ്തത്. പ്രിയമുള്ളവരേ, ഇവിടെ മറിയം നടത്തിയത് ആദ്യത്തെ ക്രിസ്തീയ വചനപ്രഘോഷണമാണ്.

ഒരു ക്രിസ്ത്യാനി എന്ന നിലയിൽ അല്ലെങ്കിൽ ക്രിസ്തുവിനെ ഏറ്റവുമടുത്ത് അനുഗമിക്കുന്നവരെന്ന നിലയിൽ ഇതേ പ്രേഷിതദൗത്യമാണ് അവിടുത്തെ മക്കളായ നമുക്കും നൽകപ്പെട്ടിരിക്കുന്നത്. ഈ ദൗത്യത്തിനായി ഇറങ്ങുന്നതിനുമുമ്പ് പരിശുദ്ധനായ ദൈവത്തിന്റെ സന്നിധിയിലായിരുന്നുകൊണ്ട്, ദൈവസമക്ഷം വ്യാപരിച്ച്, ദൈവാനുഭവം കൈവരിച്ച്, ദൈവത്താൽ നാം ശുദ്ധീകരിക്കപ്പെടണം. അതിനുശേഷം മാത്രമാണ് ഈ പ്രേഷിതദൗത്യം ഏറ്റെടുക്കേണ്ടത് എന്ന് ഏശയ്യാ പ്രവാചകൻ നമ്മെ ഓർമ്മപ്പെടുത്തുന്നു. ദൈവം ശുദ്ധീകരിക്കാതെ, തിരഞ്ഞെടുത്ത് അയയ്ക്കാതെ ആരും ദൈവത്തിന്റെ പ്രേഷിതജോലി ഏറ്റെടുക്കുവാൻ പാടില്ല എന്ന താക്കീതും വചനം നൽകുന്നു. ഏശയ്യാ പ്രവാചകനിലൂടെ കർത്താവ് അരുൾചെയ്യുന്നു: ''പ്രേഷിതന്റെ ജോലി എപ്പോഴും കല്ലും മുള്ളും നിറഞ്ഞതാകുന്നു.'' സുഖകരമായ ഒരു ജീവിതമല്ല മറിച്ച്, പ്രതിസന്ധികൾ നിറഞ്ഞ ജീവിതമായിരിക്കും ഓരോ പ്രേഷിതന്റെയും. പ്രവാചകന്റെ ദൗത്യം ഏറിയ പങ്കും പരാജയമായിരിക്കുമെന്നും വളരെ കുറച്ചു ജനങ്ങൾ മാത്രമേ അദ്ദേഹത്തെ ശ്രവിക്കാൻ സാധ്യതയുള്ളൂ എന്ന സൂചനയും വചനം നമുക്കു നൽകുന്നു.

ഗ്രാമത്തിലേയ്ക്കു പോയ രണ്ടു ശിഷ്യന്മാർക്ക് യേശു പ്രത്യക്ഷപ്പെട്ടു എന്ന് മർക്കോസ് സുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നുണ്ട്. എന്നാൽ, മറ്റു ശിഷ്യഗണം അവരുടെ സാക്ഷ്യം സ്വീകരിച്ചില്ല. അതുകൊണ്ടാണ് അവരുടെ അവിശ്വാസത്തെയും കഠിനഹൃദയത്തെയും ഈശോ കുറ്റപ്പെടുത്തിയത്.

പ്രിയമുള്ളവരേ, ഇതുപോലെ നമ്മുടെ ജീവിതത്തിലും ക്രിസ്തു നമുക്ക് അത്ഭുതകരമായ ഒരു സാന്നിധ്യമാകാതെ പോകുന്നുണ്ടെങ്കിൽ, ക്രിസ്തുവിന്റെ സാന്നിധ്യം നാം തിരിച്ചറിയാതെ പോകുന്നുണ്ടെങ്കിൽ പ്രധാനമായും രണ്ടു കാരണം കൊണ്ടാണത്. ഒന്നാമതായി, നമ്മുടെ വിശ്വാസരാഹിത്യം; രണ്ടാമതായി, നമ്മുടെ ഹൃദയകാഠിന്യം. ശിഷ്യസമൂഹത്തിന് യേശുവിനെ മനസ്സിലാക്കാൻ പറ്റാതെ പോയതും അവരുടെ ജീവിതത്തിലെ ഈ രണ്ടു മനോഭാവങ്ങൾ കൊണ്ടാണ്. അവരുടെ അവിശ്വാസത്തെ കുറ്റപ്പെടുത്തിയ യേശു, തന്റെ ദൗത്യം അവരെ ഭരമേൽപിക്കുന്നതിൽ ഒരിക്കലും മടി കാണിച്ചില്ല. അവരുടെ കുറവുകൾ അറിഞ്ഞുകൊണ്ട്, അവരുടെ പോരായ്മകൾ അറിഞ്ഞുകൊണ്ട്, അവരുടെ ബലഹീനതകൾ മനസ്സിലാക്കിക്കൊണ്ടു തന്നെയാണ് യേശു അവരെ തന്റെ ദൗത്യം ഭരമേൽപിച്ചത്. ഇവിടെ പതിനൊന്നു ശിഷ്യന്മാരും പ്രതിനിധീകരിക്കുന്നത് വിശ്വാസികളായ നമ്മെയാണ്. ഈ ദൗത്യം ഒരു സാർവ്വത്രികദൗത്യമാണെന്നുള്ള ഓർമ്മപ്പെടുത്തലാണ് മർക്കോസ് സുവിശേഷകനുള്ളത്.

മാതാപിതാക്കന്മാരിലും, മക്കളിലും, സഹോദരങ്ങളിലും, സുഹൃത്തുക്കളിലും, അധ്യാപകരിലും, അയൽക്കാരിലുമെല്ലാം ഈ പ്രേഷിതദൗത്യമുണ്ട്. നാമെല്ലാവരും പ്രേഷിതരാണ് എന്ന ചിന്തയാണ് ഏറ്റവും അത്യാവശ്യം. ലോകത്തിലുള്ള സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിച്ച് ക്രിസ്തുവിന് ഇഷ്ടപ്പെട്ട ഒരു പ്രേഷിതനാക്കി എന്നെയും മാറ്റണമേയെന്ന് നമുക്കും ആത്മാർത്ഥമായി പ്രാർത്ഥിക്കാം, പരിശ്രമിക്കാം.